# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 968 — 30/11/2018-ലെ മറുപടി

## പാലക്കാട് ജില്ലയിലെ ഡാമുകളുടെ ജലസംഭരണശേഷി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) പാലക്കാട് ജില്ലയിലെ ഡാമുകളുടെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ഡാമുകളിലാണെന്ന് വിശദീകരിക്കാമോ ; | എ | കേരളത്തിലെ ഡാമുകളിലും റിസർവ്വോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ സ്ഥിതിയിലാക്കുന്നതിനു വേണ്ടി ഒരു Standard Operating Procedure ന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡിസിൽറ്റിംഗ് പൈലറ്റ് പദ്ധതികളായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>പൈലറ്റ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ആറംഗ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾക്ക് മേൽ സമിതി അംഗീകാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. ഇതിൽ നിന്നും ലഭിക്കുന്ന പാഠങ്ങൾ ഉൾക്കൊണ്ട് ബാക്കി അണക്കെട്ടിന്റെ reservoir desilt ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാമിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | ബി | മംഗലം ഡാമിലെ desiltation പ്രവൃത്തി നടപ്പിലാക്കുന്നതിനായി പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കിയ ശേഷം അതിന്റെ ഡി.പി.ആർ സർക്കാരിന് ലഭിക്കുകയും ആയത് പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനുമായി ഉന്നതാധികാര സമിതിയുടെ യോഗം 02/11/2018 ന് കൂടുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ |

ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിച്ച് ഡി.പി.ആർ വീണ്ടും സമർപ്പിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. ഇതു കൂടാതെ പ്രവൃത്തി ആഗോള ടെണ്ടർ ചെയ്യുന്നതിനായി bid പൂർത്തീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**